പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1603 — 14.06.2013 - ൽ മറുപടിയ്ക്ക്

**'വൃക്കരോഗ സമാശ്വാസം' പദ്ധതി**

ചോദ്യം — ഉത്തരം

ശ്രീ. റ്റി.വി. രാജേഷ്

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വൃക്കരോഗങ്ങളാൽ ഡയാലിസിസിന് വിധേയരാകേണ്ടി വരുന്നവർക്ക് 'സമാശ്വാസം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (എ) | ഉണ്ട്. വൃക്കകൾക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താവിന് പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി 01.04.2012 മുതൽ പ്രാബല്യത്തിലാണ്.<br><br>മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബാംഗവും ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗ വിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളവരുമാണ് ധനസഹായത്തിന് അർഹതയുള്ളത്. ധനസായത്തിന് അർഹതയുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫാറം, രേഖകൾ സഹിതം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ